"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനം 4.21 - മാലിന്യം ശേഖരിക്കുന്ന ഹരിത കർമ്മസേനയുടെ വാഹനത്തിന്റെ ഡ്രൈവർക്ക് വേതനം വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നും നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2435/2024/LSGD തീയതി,തിരുവനന്തപുരം, 11-12-2024

---

പരാമർശം:- 1. സ.ഉ(സാധാ)നം 1739/2023/തസ്വഭവ തിയതി,25.08.2023

2. നീലംപേരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11-06-2024 ലെ 22(1)- നമ്പർ തീരുമാനം

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 6/10/2024-ലെ തീരുമാനം നമ്പർ 4.21

**ഉത്തരവ്**

ഹരിതകർമ്മസേന മാലിന്യം വഹിക്കുന്നതിനായി ഉപയോഗിക്കുന്ന ഇലക്ട്രിക് ഓട്ടോ ഹരിതകർമ്മസേന അംഗം ഓടിച്ചാൽ കൺസോർഷ്യത്തിൽ നിന്നു വേതനം നല്കണമെന്നും, പുറത്ത് നിന്നും നിയോഗിക്കുന്ന ഡ്രൈവർ ഓടിച്ചാൽ പദ്ധതി വിഹിതം വിനിയോഗിച്ച് വേതനം നൽകണമെന്നും പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 42 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങളുടെ എണ്ണം കുറവായതിനാൽ മുഴുവൻ യൂസർ ഫീസും കിട്ടിയാൽ പോലും ഹരിത കർമ്മ സേനയ്ക്ക് നിശ്ചിത 7000/- രൂപ പ്രതിമാസ വേതനം കിട്ടാത്ത സാഹചര്യമാണുള്ളത് എന്നും , അതിനാൽ ഹരിതകർമ്മസേനയുടെ വാഹനം ഹരിതകർമ്മസേന അംഗം ഓടിച്ചാലും പുറത്ത് നിന്നുള്ള ഡ്രൈവർ ഓടിച്ചാലും സർക്കാർ അംഗീകൃത നിരക്കിൽ പദ്ധതി വിഹിതം വിനിയോഗിച്ച് വേതനം നൽകാനുള്ള അനുമതിക്കായി കോർഡിനേഷൻ കമ്മിറ്റിയോട് അഭ്യർഥിക്കുവാൻ പരാമർശം( 2) പ്രകാരം തീരുമാനിച്ചു.

നീലംപേരൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (2)അപേക്ഷ 16/10/2024 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും, ഹരിത കർമ്മസേനയ്ക്ക് വരുമാനം കുറവാണ് എന്നതിനാൽ ഡ്രൈവർക്കുള്ള വേതനം വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നും നൽകുവാനും ഒപ്പം സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുവാനും പരാമർശം (3) പ്രകാരം തീരുമാനിച്ചു.

കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ഹരിതകർമ്മസേന മാലിന്യം വഹിക്കുന്നതിനായി

ഉപയോഗിക്കുന്ന വാഹനത്തിന്റെ ഡ്രൈവർക്കുള്ള വേതനം വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നും നൽകുവാൻ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
സെക്രട്ടറി, നീലംപേരൂർ ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ, I&PRD), വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 17-12-2024 15:10:55
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്